# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2870 15.12.2015-ൽ മറുപടിയ്ക്ക്

**ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവ: ഹൈസ്ക്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ.ജയചന്ദ്രൻ** | | **ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | ഇടുക്കി ജില്ലയിലെ ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവ: ഹൈസ്ക്കൂളിൽ ഏതൊക്കെ തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത് ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി 2009-2010-ൽ അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളിൽ ഉൾപ്പെട്ടതാണ് ഇടുക്കി ജില്ലയിലെ ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്ക്കൂൾ. 19/05/2011-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.114/2011/പൊ.വി.വ പ്രകാരം ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്ക്കൂളിൽ ഹൈസ്ക്കൂൾ അദ്ധ്യാപകരുടെ 6 (ആറ്) തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് (കോർ വിഷയങ്ങൾ-4, ഭാഷാ വിഷയങ്ങൾ-2). കൂടാതെ പ്രസ്തുത ഉത്തരവ് പ്രകാരം ടി സ്കൂളിൽ ഒരു ക്ലാർക്കിന്റേയും, രണ്ട് പ്യൂണിന്റേയും, രണ്ട് ഫുൾടൈം മീനിയലിന്റേയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 1 മുതൽ 7 വരെ ക്ലാസ്സുകളിലേക്ക് 7 പ്രൈമറി അദ്ധ്യാപക തസ്തികകളും മേൽ ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഈ തസ്തികകളിലെല്ലാം നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (ബി) | ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്ക്കൂളിൽ താഴെ പറയുന്ന തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.<br>ഹെഡ്മാസ്റ്റർ - 1<br>എച്ച്.എസ്.എ കോർ സബ്ജക്ട് (മലയാളം മാധ്യമം) -3 |

| | | | |
|---|---|---|---|
| | | | എച്ച്.എസ്.എ ഹിന്ദി - 1<br>എച്ച്.എസ്.എ മലയാളം - 1<br>പ്രൈമറി ടീച്ചേഴ്സ് - 7<br>ക്ലാർക്ക് - 1<br>ആർ.എം.എസ്.എ.യുടെ 2015-16-ലെ വാർഷിക പദ്ധതിയിൽ ഹെഡ്മാസ്റ്റർക്കും 5 ഹൈസ്കൂൾ അദ്ധ്യാപകർക്കും മാത്രമാണ് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളത്. ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്ക്കൂളിൽ സൃഷ്ടിക്കപ്പെട്ട മറ്റ് വിഭാഗങ്ങളിൽപ്പെട്ട തസ്തികകൾക്ക് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. അംഗീകാരം ലഭിച്ച തസ്തികകൾക്ക് ആർ.എം.എസ്.എ.യുടെ ഫണ്ടിൽ നിന്നും ശമ്പളം നൽകാൻ കഴിയുന്നുണ്ട്.<br>കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ നിശ്ചിത അംഗീകാരത്തിന്റെ അഭാവം കാരണം ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്ക്കൂളിൽ സൃഷ്ടിച്ച എല്ലാ തസ്തികകളിലും നിയമനം നടത്താനാകാത്ത സാഹചര്യം കണക്കിലെടുത്ത് മറ്റു തസ്തികകളിൽ കെ.ഇ.ആർ പ്രകാരം നിയമനം നടത്തുന്നതിനും അദ്ധ്യാപകരുടെ ശമ്പളം സ്പാർക്ക് വഴി വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം- രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി- ഹൈസ്ക്കൂൾ
വിഭാഗം ആരംഭിച്ച സ്കൂളുകളിൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ
സൃഷ്ടിക്കാൻ അനുവാദം നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ. (എംഎസ്) നം. 114/2011/പൊ.വി തീയതി, തിരുവനന്തപുരം, 19/05/2011.

പരാമർശം:- 1. 16.11.2010 ലെ സ.ഉ. (എം.എസ്) നം. 238/2010/പൊ.വി.

2. ആർ.എം.എസ്.എ. സ്പെഷ്യൽ ഓഫീസറുടെ 22.12.2010 ലെ
എ.1-6/2009/ആർ.എം.എസ്.എ. നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം കാസർഗോഡ്, വയനാട്,
പാലക്കാട്, ഇടുക്കി ജില്ലകളിലെ 60 സർക്കാർ യു.പി. സ്കൂളുകളിൽ ഈ അധ്യയന
വർഷം 8,9 ക്ലാസുകൾ ആരംഭിക്കുന്നതിന് ഉത്തരവായി. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ
അഭിയാൻ (ആർ.എം.എസ്.എ.) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമാണ് ടി
സ്കൂളുകളിൽ ഹൈസ്ക്കൂൾ വിഭാഗം ആരംഭിക്കുന്നതിന് അനുമതി നൽകിയത്.
ആർഎം.എസ്.എ. പദ്ധതി പ്രകാരം ആരംഭിച്ച ഹൈസ്ക്കൂൾ വിഭാഗത്തിലെ 9-ാം
ക്ലാസ്സിലെ അധ്യാപകരുടെ വേതനാടിസ്ഥാനത്തിൽ വരുന്ന ചെലവ് ആർ.എം.എസ്.എ.
പദ്ധതിയിൽ നിന്നും ലഭിക്കുന്നതാണ്. പുതുതായി ആരംഭിക്കുന്ന ഹൈസ്കൂൾ
വിഭാഗത്തിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ പുനർവിന്യാസത്തിലൂടെ
കണ്ടെത്തേണ്ടതാണെന്നും സർക്കാർ ഉത്തരവായിരുന്നു.

എറണാകുളത്ത് വച്ച് 10.12.2010 ൽ ചേർന്ന വിദ്യാഭ്യാസ വകുപ്പ്
ഉദ്യോഗസ്ഥരുടെയും ബന്ധപ്പെട്ട സ്കൂളുകളിലെ പി.ടി.എ. പ്രസിഡന്റുമാരുടെയും,
ഹെഡ്മാസ്റ്റർമാരുടെയും യോഗത്തിൽ കൈക്കൊണ്ട തീരുമാനപ്രകാരം പ്രസ്തുത
സ്കൂളുകളിൽ തസ്തികകൾ അനുവദിക്കുന്നതും മറ്റും സംബന്ധിച്ച് ഏതാനും
ശുപാർശകൾ സർക്കാരിന്റെ അനുമതിക്കായി ആർ.എം.എസ്.എ. - സ്പെഷ്യൽ
ഓഫീസർ സമർപ്പിച്ചിരുന്നു. ഇത് പ്രകാരം സ്കൂളുകളെ ഉയർത്തി ഹൈസ്കൂളുകൾ
ആരംഭിക്കുന്ന ഇടങ്ങളിൽ ഒരു ടീച്ചർ ഇൻ-ചാർജ്ജിനെ നിയമിക്കേണ്ടതാണ്.
യു.പി.സ്കൂളിൽ ഇപ്പോൾ ജോലി നോക്കുന്ന ഹെഡ്മാസ്റ്റർമാരെ പ്രൈമറി
വിഭാഗത്തിന്റെ ഹെഡ്മാസ്റ്റർ എന്ന നിലയിൽ തുടർന്നും അവിടെ തുടരാൻ
അനുവദിക്കണമെന്നും, പുതുതായി ഹൈസ്കൂളുകളിൽ നിയമിക്കുന്ന ഹൈസ്കൂൾ
അധ്യാപകരിൽ ഒരാളെ ടീച്ചർ ഇൻ-ചാർജ്ജായി ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരെ
നിയമിക്കുന്നതുവരെ നിയമിക്കാവുന്നതാണെന്നും സ്പെഷ്യൽ ഓഫീസർ ശുപാർശ
ചെയ്യുകയുണ്ടായി.

.......2

ഈ അധ്യയന വർഷം ആരംഭിക്കുന്ന 8, 9 ക്ലാസുകളിലേയ്ക്ക് രണ്ട് ഡിവിഷനിൽ ആവശ്യമായ നാല് ഹൈസ്കൂൾ അസിസ്റ്റന്റ് (കോർ സബ്ജക്റ്റ്), രണ്ട് ഭാഷാധ്യാപക തസ്തികകൾ വീതം അനുവദിക്കേണ്ടതാണെന്ന്. സ്പെഷ്യൽ ഓഫീസർ ശുപാർശ ചെയ്തിരുന്നു.. മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഒരു ക്ലാർക്ക്, രണ്ട് പ്യൂൺ, രണ്ട് എഫ്.ടി.എം.തസ്തികകൾ കൂടി അനുവദിക്കേണ്ടതുണ്ടെന്നും സ്പെഷ്യൽ ഓഫീസർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആർ.എം.എസ്.എ പദ്ധതി പ്രകാരം ഹൈസ്കൂൾ വിഭാഗം ആരംഭിച്ച 60 സ്കൂളുകളിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കുവാൻ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. 240 എച്ച്.എസ്.എ (കോർ സബ്ജക്റ്റ്)
   120 എച്ച്.എസ്.എ (ഭാഷ) (ആകെ 360 തസ്തികകൾ)
ii. 60 സ്കൂളുകളിൽ 60 ഹൈസ്കൂൾ പ്രധാന അദ്ധ്യാപക തസ്തികകൾ
iii. മേൽപ്പറഞ്ഞ 60 സ്കൂളുകളിലോരോന്നിലും ഒരു ക്ലാർക്ക്, രണ്ട് പ്യൂൺ, രണ്ട് എഫ്.ടി.എം തസ്തികകൾ വീതം ആകെ 60 ക്ലാർക്ക്, 120 പ്യൂൺ, 120 എഫ്.ടി.എം തസ്തികകൾ

ഹൈസ്ക്കൂളുകളായി ഉയർത്തുന്ന ഇടങ്ങളിൽ ഇപ്പോൾ നിലവിലുള്ള പ്രൈമറി ഹെഡ്മാസ്റ്റർമാരെ പ്രൈമറി വിഭാഗം നിലനിർത്തി പ്രസ്തുത വിഭാഗത്തിന്റെ മേധാവിയായി തുടരാൻ അനുവാദം നൽകുന്നു.

ഇടുക്കി ശാന്തിഗ്രാം സെൻട്രൽ സ്കൂളിലെ 1 മുതൽ 7 വരെ ക്ലാസുകളിലേക്ക് 7 പ്രൈമറി അദ്ധ്യാപക തസ്തികകൾ കൂടി സൃഷ്ടിക്കുവാനും അനുവാദം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുബ്രതാ ബിശ്വാസ്,
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, ഇടുക്കി/പാലക്കാട്/വയനാട്/കാസർഗോഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Section Officer